ഉത്തരം

(എ)	എം.എൽ.എ. ഫണ്ട്	...	828.81 ലക്ഷം രൂപ
	എം. പി. ഫണ്ട്	...	693.87 ലക്ഷം രൂപ
	തദ്ദേശഭരണ സ്ഥാപനങ്ങൾ	...	19,882.5 ലക്ഷം രൂപ.

(ബി) എം.എൽ.എ. ഫണ്ടിൽ 450.99 ലക്ഷം രൂപയുടെയും എം.പി. ഫണ്ടിൽ 564.11 ലക്ഷം രൂപയുടെയും തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഫണ്ടിൽ 17112.03 ലക്ഷം രൂപയുടെയും വർക്കുകൾ പൂർത്തീകരിച്ചിട്ടുണ്ട്. യഥാക്രമം 377.84, 129.76, 2770.47 ലക്ഷം രൂപയുടെ വർക്കുകൾ പൂർത്തീകരിക്കാനുണ്ട്.

(സി) നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

വോൾട്ടേജ് ഇംപ്രൂവ്മെന്റിന് സംവിധാനം

30 [341] *ശ്രീ. സി. ടി. അഹമ്മദ് അലി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ വിവിധ വൈദ്യുതി ഓഫീസുകളിൽ എത്ര തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നു എന്നും എന്നത്തേയ്ക്ക് പ്രസ്തുത ഒഴിവുകൾ നികത്താൻ കഴിയുമെന്നും വ്യക്തമാക്കാമോ;

(ബി) കാസർഗോഡ് ജില്ലയിൽ വോൾട്ടേജ് ഇംപ്രൂവ്മെന്റിന് വേണ്ടി എന്തെല്ലാം സംവിധാനങ്ങളാണ് പുതുതായി ആരംഭിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയിലെ വിവിധ വൈദ്യുതി ഓഫീസുകളിലെ ഒഴിവുകൾ ചുവടെ ചേർക്കുന്നു:

1.	അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (ഇല.)	...	13
2.	അസിസ്റ്റന്റ് എഞ്ചിനീയർ (ഇല.)	...	38
3.	അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ)	...	1
4.	സബ് എഞ്ചിനീയർ (ഇല.)	...	16
5.	ഓവർസിയർ (ഇല.)	...	40
6.	മീറ്റർ റീഡർ	...	49
7.	മസ്ദൂർ/ഇല. വർക്കർ	...	56
8.	അസിസ്റ്റന്റ് അക്കൗണ്ട്സ് ഓഫീസർ	...	1
9.	സീനിയർ സൂപ്രണ്ട്	...	18

LIBRARY ARCHIVES Kerala Legislative Assembly

10.	സീനിയർ അസിസ്റ്റന്റ്	...	28
11.	കാഷ്യർ	...	3
12.	ഡ്രൈവർ	...	1
13.	ടൈപ്പിസ്റ്റ്	...	2
14.	ഓഫീസ് അറ്റൻഡന്റ്	...	4
15.	പി. റ്റി. സി.	...	15
	ആകെ	..	285

ട്രാൻസ്ഫർ, പ്രൊമോഷൻ പുതിയ നിയമനങ്ങൾ എന്നിവയിൽക്കൂടി ഒഴിവുകൾ നികത്തുവാൻ നടപടി സ്വീകരിക്കുന്നതാണ്.

(ബി) കാലപ്പഴക്കം വന്ന കമ്പികൾ മാറ്റിയും പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചും സിംഗിൾ ഫെയ്സ് ലൈൻ, ത്രീ ഫെയ്സ് ലൈനാക്കി മാറ്റിയും വോൾട്ടേജ് ക്ഷാമത്തിന് പരിഹാരം കണ്ടെത്തിക്കൊണ്ടിരിക്കുന്നു. കാസർഗോഡ് നഗരത്തിൽ എ.പി.ഡി.ആർ.പി. പ്രകാരമുള്ള സിസ്റ്റം ശക്തിപ്പെടുത്തുന്ന പണികളും നടക്കുന്നുണ്ട്.

വോൾട്ടേജ് ഇംപ്രൂവ്മെന്റ് പ്രോഗ്രാം

31 [342] *ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ :* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വോൾട്ടേജ് ഇംപ്രൂവ്മെന്റ് പ്രോഗ്രാം പ്രകാരം പയ്യന്നൂർ നിയോജകമണ്ഡലത്തിലെ ഏതെല്ലാം പ്രദേശങ്ങളിലാണ് 2001 മേയ് മാസത്തിനുശേഷം പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചതെന്ന് വ്യക്തമാക്കുമോ;

(ബി) വോൾട്ടേജ് ക്ഷാമം രൂക്ഷമായ വിവിധ പ്രദേശങ്ങളിൽ പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കണമെന്നഭ്യർത്ഥിച്ചുകൊണ്ട് ലഭിച്ച നിവേദനങ്ങളിന്മേൽ എന്ത് നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്?

ഉത്തരം

(എ)
1. കല്ലേത്തുംകടവ്
2. കുറ്റൂർ-വെള്ളോറ റോഡ്
3. മുശാരിക്കോ
4. കുറുംകടവ്
5. ആലക്കാട്
6. വില്ലേജ് ഓഫീസ് (പയ്യന്നൂർ ടൗൺ)
7. എടാട്ട്

LIBRARY ARCHIVES Kerala Legislative Assembly